(ബി) നാഷണൽ മെരിറ്റ് സ്കോളർഷിപ്പ് 2001-2002 അദ്ധ്യയനവർഷം വരെ അപേക്ഷിച്ചവർക്ക് നൽകി കഴിഞ്ഞു. 2002-2003 വർഷത്തേക്ക് ലഭിച്ച അപേക്ഷകൾ പരിഗണിച്ച് തീർപ്പ് കല്പിച്ചുകൊണ്ടിരിക്കുന്നു. ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് 2001 മാർച്ച് മാസം എസ്. എസ്. എൽ. സി. പാസ്സായവർക്ക് നൽകിതുടങ്ങിയിട്ടുണ്ട്. 2001 മാർച്ച് മാസം എസ്. എസ്. എൽ. സി. പാസ്സായവരുടെ 300 അപേക്ഷകളും 2002 മാർച്ചിൽ പാസ്സായ വിദ്യാർത്ഥികളുടെ 684 അപേക്ഷകളും തീർപ്പു കൽപ്പിക്കാനുണ്ട്.

(സി) പരീക്ഷാ ഭവനിൽനിന്ന് റാങ്ക് ലിസ്റ്റ് അതാത് വർഷങ്ങളിൽ ലഭിക്കാത്തതും ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കാത്തതുമാണ് അപേക്ഷ തീർപ്പു കല്പിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം.

(ഡി) ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി

88 [3614] *ശ്രീ. ജോണി നെല്ലൂർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ചുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) & (ഡി) അംഗീകാരം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

മഞ്ചേരി മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാൻ നടപടി

89 [3615] *ശ്രീ. ഇസ്ഹാക്ക് കുരിക്കൾ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മഞ്ചേരി മണ്ഡലത്തിൽ സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ പ്ലസ് ടു തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്ലസ് ടു സ്കൂളുകളുടെ അപര്യാപ്തതമൂലം മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) വിദ്യാർത്ഥികളുടെ പ്രയാസം കണക്കിലെടുത്ത് 2004-2005 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിലെ 47 ഗവൺമെന്റ് സ്കൂളുകളിൽ പുതുതായി പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 26 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ചും അനുവദിച്ചിട്ടുണ്ട്.

വയമ്പ്ര ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു ആരംഭിക്കാൻ നടപടി

90 [3616] *ശ്രീ. യു. സി. രാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കുരുവട്ടൂർ പഞ്ചായത്തിലെ വയമ്പ്ര ഗവൺമെന്റ് ഹൈസ്ക്കൂളിൽ പ്ലസ് ടു ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ സൗകര്യം പരിഗണിച്ച് ഇവിടെ പ്ലസ് ടു അനുവദിക്കാൻ തയ്യാറാകുമോ;

(സി) എങ്കിൽ എന്നുമുതൽ ഇവിടെ പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലം മണ്ഡലത്തിലെ വയമ്പ്ര ഗവൺമെന്റ് ഹൈസ്കൂളിൽ 28-6-2004-ലെ ജി. ഒ. (എം. എസ്.) 190/04/ജി. ഇ. ഡി. എൻ. ഉത്തരവു പ്രകാരം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly